4/5/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

DESPATCHED On... 22/06/21

**ഹർജി നമ്പർ AP No. 318(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 3950/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി 2021 മേയ് 4**

ശ്രീ. റ്റി. ജോസ് മാത്യു,
തുടിയംപ്ലാക്കൽ വീട്,
ഇടപ്പാടി പി.ഒ., പാല,
കോട്ടയം – 686 578
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തദ്ദേശ സ്വയംഭരണ (ഇ.പി.ബി.) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

2) അപ്പീൽ അധികാരി,
തദ്ദേശ സ്വയംഭരണ (ഇ.പി.ബി.) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 14/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 20/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 20/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 29/04/2021 |
| ഹിയറിംഗ് നടന്ന തീയതി | 04/05/2021 (ആഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. റ്റി. ജോസ് മാത്യു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 30 ദിവസം

കഴിഞ്ഞിട്ടും യാതൊരു മറുപടിയും നൽകിയില്ല എന്നും അതിനെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതിനും യാതൊരു മറുപടിയും നൽകിയില്ല എന്നുമാണ്.

2. 14/01/2021 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, തദ്ദേശ സ്വയംഭരണ (ഇ.പി.ബി.) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 01/12/2020 തീയതിയിലെ ഇ.പി.ബി2/275/2017/ത.സ്വ.ഭ.വ നമ്പർ മറുപടി കത്തിലെ 02/11/2017 തീയതിയിലെ പരാതി കോപ്പിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പാണ്. ടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നില്ല. ആയതിനെതിരെ രണ്ടാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയ്ക്കും മറുപടി നൽകിയിട്ടുള്ളതായി കാണുന്നില്ല.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 14.01.2021 തീയതി സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പിൽ ലഭിച്ചത് 21.01.2021 ലാണെന്നും ടിയാൻ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 5.3.2021-ലെ സർക്കാർ കത്ത് പ്രകാരം നൽകിയിരുന്നു എന്നും ടിയാന്റെ അപേക്ഷ പരിശോധിച്ച് മറുപടി തയ്യാറാക്കി വരവെ പൊതു വിവരാധികാരി കോവിഡ് ബാധിച്ച് അവധിയിലായിരുന്നതിനാൽ യഥാസമയം മറുപടി നൽകാൻ കഴിഞ്ഞില്ല എന്നും ടിയാൻ തിരികെ പ്രവേശിച്ച 05.03.2021-ൽ തന്നെ ടിയാനുള്ള മറുപടി ഒപ്പിട്ട് ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ സഹിതം മറുപടി നൽകിയിരുന്നു എന്നും അപേക്ഷയ്ക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി നൽകിയില്ല എന്നു കാണിച്ചുള്ള ടിയാന്റെ 18.2.2021 തീയതിയായുള്ള അപ്പീൽ അപേക്ഷ 23.2.2021-നാണ് സെക്ഷനിൽ ലഭിച്ചതെന്നും എസ്.പി.ഐ.ഒ. കോവിഡ് ബാധിച്ച് അവധിയിലായിരുന്നതിനാലാണ് മറുപടി യഥാസമയം അപേക്ഷകന് ലഭ്യമാക്കുവാൻ കഴിയാതിരുന്നതെന്നും ഇപ്രകാരം മന:പ്പൂർവ്വമല്ലാതെയാണ് കാലതാമസമുണ്ടായത് എന്നത് പരിഗണിച്ച് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കോവിഡ് ബാധിതയായതിനെ തുടർന്ന് മറുപടി ഒപ്പിട്ട് അപേക്ഷകന് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടുയെന്നതിനാൽ അപേക്ഷകൻ ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഫീസിടാക്കാതെ ടിയാന് ലഭ്യമാക്കിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ ലഭിച്ച സമയത്ത് ഒന്നാം എതിർകക്ഷി കോവിഡ് ബാധിച്ച് അവധിയിലായിരുന്നതിനാലാണ് യഥാസമയം മറുപടി നൽകാൻ

കഴിയാത്തതെന്നും ടിയാൻ തിരികെ ജോലിയിൽ പ്രവേശിച്ച അന്നു തന്നെ 05/03/2021 തീയതി ടിയാന് വിവരം നൽകി എന്നുമുള്ള രണ്ടാം എതിർകക്ഷിയുടെ വാദം കമ്മീഷൻ അംഗീകരിക്കുന്നു. എന്നിരുന്നാലും ഹർജിക്കാരന് ലഭിച്ച മറുപടി തൃപ്തികരമല്ല എന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്. ആയതിനാൽ ഹർജിക്കാരന് 5/3/2021 തീയതി അയച്ചു നൽകി എന്നു പറയുന്ന മറുപടി ഒരിക്കൽ കൂടി പരിശോധിച്ച് ടിയാൻ ആവശ്യപ്പെട്ട വിവരം തന്നെയാണ് നൽകിയതെന്ന് ഉറപ്പ് വരുത്തി ശരിയായ മറുപടിയുടെ പകർപ്പ് കമ്മീഷൻ ഓഫീസിലേക്ക് അയച്ചു നൽകണമെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. ആയത് പരിശോധിച്ച ശേഷം ആവശ്യമെങ്കിൽ കമ്മീഷൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 മേയ് 4-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

യു.എസ്